بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Summary 22.01.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*22.01.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**ഇസ്‌ലാമിൽ ശിക്ഷ നല്കുക എന്ന സങ്കല്പം തീർച്ചയായുമുണ്ട്. പക്ഷേ, അതിനോടൊപ്പം മാപ്പു കൊടുക്കുക, വിട്ടു വീഴ്ച്ച ചെയ്യുക എന്ന കല്പനയുമുണ്ട്. പക്ഷേ, ആ ശിക്ഷ നല്കുന്നതിന്റെ പിന്നിലും, ആ ശിക്ഷകൊണ്ട് തിന്മചെയ്യുന്നവനെ അല്ലെങ്കിൽ നഷ്ടമുണ്ടാക്കുന്നവനെ അല്ലെങ്കിൽ കുറ്റവാളിയെ നന്നാക്കിയെടുക്കണം എന്ന ഉദ്ദേശ്യമാണ് ഉണ്ടായിരിക്കേണ്ടത്. നന്നാക്കിയെടുക്കുക എന്ന ഉദ്ദേശ്യമാകുമ്പോൾ ശിക്ഷ നല്കുന്നതിനു മുമ്പേ, ഈ ശിക്ഷകൊണ്ട് ഉദ്ദേശ്യം പരിഹരിക്കപ്പെടുമോ എന്ന് ചിന്തിക്കേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് പറഞ്ഞു:

**ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻമ്മിഥ്ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹു അലല്ലാഹി ഇന്നഹു ലായുഹിബ്ബുള്ളാലമീൻ.**

തിന്മയ്ക്കുള്ള പ്രതിഫലം, ചെയ്യുന്ന തിന്മയ്ക്ക് തത്തുല്യമായതാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും, നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല. (42:41)

ഇസ്‌ലാമികാധ്യാപനങ്ങളിൽ തെറ്റായ പ്രവർത്തി ചെയ്യുന്നവനോടും നഷ്ടം ഉണ്ടാക്കുന്നവനോടും അത് ചെറുതാവട്ടെ വലുതാവട്ടെ, അല്ലെങ്കിൽ ശത്രുവാകട്ടെ, അവനെ നന്നാക്കിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ പെരുമാറാനുള്ള പാഠമാണുള്ളത്. ഇസ്‌ലാമിൽ ശിക്ഷ നല്കുക എന്ന സങ്കല്പം തീർച്ചയായുമുണ്ട്. പക്ഷേ, അതിനോടൊപ്പം മാപ്പു കൊടുക്കുക, വിട്ടു വീഴ്ച്ച ചെയ്യുക എന്ന കല്പനയുമുണ്ട്. നിങ്ങൾ കേട്ട വചനത്തിലും ഇതേ കല്പനയാണുള്ളത്. അതായത് തിന്മയും ദോഷപ്രവർത്തി ചെയ്യുകയും ചെയ്യുന്നവർക്ക് ശിക്ഷ നല്കുക. പക്ഷേ, ആ ശിക്ഷ നല്കുന്നതിന്റെ പിന്നിലും, ആ ശിക്ഷകൊണ്ട് തിന്മ ചെയ്യുന്നവനെ അല്ലെങ്കിൽ നഷ്ടമുണ്ടാക്കുന്നവനെ അല്ലെങ്കിൽ കുറ്റവാളിയെ നന്നാക്കിയെടുക്കണം എന്ന ഉദ്ദേശ്യമാണ് ഉണ്ടായിരിക്കേണ്ടത്. നന്നാക്കിയെടുക്കുക എന്ന ഉദ്ദേശ്യമാകുമ്പോൾ ശിക്ഷ നല്കുന്നതിനു മുമ്പേ, ഈ ശിക്ഷകൊണ്ട് ഉദ്ദേശ്യം പരിഹരിക്കപ്പെടുമോ എന്ന് ചിന്തിക്കേണ്ടതാണ്. ചിന്തിച്ചതിനുശേഷവും, കുറ്റവാളിയുടെ അവസ്ഥ കണ്ടതിനുശേഷവും, ഈ കുറ്റവാളിക്ക് മാപ്പു കൊടുത്താൽ അവൻ നന്നാകുമെന്ന് കണ്ടാൽ മാപ്പു കൊടുക്കുക. ഇനി ശിക്ഷ കൊണ്ടേ നന്നാകുകയുള്ളൂവെന്ന് കണ്ടാൽ ശിക്ഷ നല്കുക. ഈ മാപ്പു കൊടുക്കലും നിങ്ങളെ അല്ലാഹുവിന്റെ ഉത്തമമായ പ്രതിഫലത്തിന് അവകാശിയാക്കുന്നതാണ്. അവസാനം **ഇന്നഹൂ ലായുഹിബ്ബുള്ളാലിമീൻ** എന്ന് പറഞ്ഞുകൊണ്ട്, ശിക്ഷ നല്കുന്നതിൽ അതിരു കടക്കാൻ ശ്രമിച്ചാൽ അക്രമികളിൽപെടുന്നതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. എന്തായാലും പരിഷ്കരണത്തിന്റെ ഈ അടിസ്ഥാനപരമായ നിയമവും ശിക്ഷയുടെ ചട്ടവും വിശുദ്ധ ഖുർആനിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അത് നമ്മുടെ വ്യക്തിപരമായ ജീവിതത്തിലെ കാര്യങ്ങളിൽ വലയം ചെയ്ത് നില്ക്കുന്നതിനും ഭരണമായ കാര്യങ്ങളിൾ എന്നല്ല അന്താരാഷ്ട്ര കാര്യങ്ങളിലും സമൂഹത്തിന്റെ പരിഷ്ക്കരണത്തിനും ഈ അടിത്തറ തന്നെയാണുള്ളത്.ഏതെങ്കിലും കുറ്റവാളിയെ ശിക്ഷിക്കുന്നതിന്റെ യഥാർഥ ഉദ്ദേശ്യം ഞാൻ പറഞ്ഞതുപോലെ പരിഷ്കരിച്ചെടുക്കലും സ്വഭാവം നന്നാക്കിത്തീർക്കലുമാണ്.

അതുകൊണ്ട് കേവലം ശിക്ഷയിൽ മാത്രം ശക്തി ചെലുത്താതെ, പരിഷ്കരണത്തിന് ശക്തികൊടുക്കുക എന്നാണ് ഇസ്‌ലാം പറയുന്നത്. മാപ്പ് കൊടുത്താൽ നന്നാകുമെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ മാപ്പു കൊടുക്കുക. എന്നാൽ, അവസ്ഥകളും സംഭവങ്ങളും ശിക്ഷ കൊടുത്താലെ നന്നാകുകയുള്ളൂ എന്നു പറയുന്നെങ്കിൽ ശിക്ഷ കൊടുക്കുക. പക്ഷേ, ചെയ്ത കുറ്റത്തിനനുസരിച്ചുള്ള ശിക്ഷയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുറ്റത്തേക്കാൾ കൂടുതലാണ് ശിക്ഷയെങ്കിൽ അത് അന്യായവും അതിക്രമവുമാണ്. അന്യായത്തേയും അതിക്രമത്തേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

മുമ്പേയുള്ള മതങ്ങളെപ്പോലെ ഇസ്‌ലാമിൽ അമിതത്തമോ അതിമിതത്ത്വമോ ഇല്ല. ഇതിന്റെ അത്യുന്നതമായ മാതൃക നമുക്ക് നബി (സ) തിരുമേനിയുടെ ജീവിതത്തിൽ കാണാൻ കഴിയുന്നു. കുറ്റവാളിയുടെ സ്വഭാവം നല്ലതായിത്തീർന്നിരിക്കുന്നുവെന്ന് ആ മഹാത്മാവ് കണ്ടപ്പോൾ, ദ്രോഹിയായ കഠിനശത്രുവിനുപോലും അവിടന്ന് മാപ്പുകൊടുത്തു. നബി (സ)തിരുമേനിയുടെമേലും ആ മഹാത്മാവിന്റെ മക്കളുടെമേലും അവിടത്തെ അനുചരന്മാരുടെമേലും എന്തെന്തെല്ലാം അക്രമങ്ങളാണ് ഉണ്ടാകാതിരുന്നത്. പക്ഷേ, ശത്രു മാപ്പു ചോദിച്ചപ്പോൾ, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് ജീവിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തപ്പോൾ നബി (സ) തിരുമേനി എല്ലാം മറന്ന് അവർക്ക് മാപ്പുകൊടുത്തു.

ഹദീഥിൽ വന്നിരിക്കുന്നു. മക്കയിൽനിന്ന് ഹിജ്റ പോകുന്ന നേരത്ത് നബി (സ)തിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബിനെ, ഒരു അക്രമി ഹബ്ബാർബിൻ അസ്‌വദ് കുന്തം കൊണ്ട് വധിക്കാൻ ശ്രമം നടത്തി. അവർ അപ്പോൾ ഗർഭിണിയായിരുന്നു. ആ ആക്രമണത്താൽ അവർക്കു മുറിവ് പറ്റി, അവരുടെ

ഗർഭവും അലസിപോയി. അവസാനം ആ മുറിവ് അവരുടെ മരണത്തിനിടയാക്കി. ആ കുറ്റം കാരണത്താൽ അയാൾക്കെതിരിൽ വധശിക്ഷ വിധിക്കപ്പെട്ടു. പക്ഷേ, നബി(സ) തിരുമേനിയുടെ മാപ്പുകൊടുക്കൽ എത്രമാത്രം വിശാലമായിരുന്നുവെന്നാൽ, അയാൾ തന്റെ അതിക്രമങ്ങളും കുറ്റകൃത്യങ്ങളും സമ്മതിച്ചുകൊണ്ട് മാപ്പു ചോദിച്ചപ്പോൾ നബി (സ) തിരുമേനി തന്റെ മകളുടെ ആ ഘാതകനും മാപ്പു നല്കി. പറഞ്ഞു: 'ഹബ്ബാറെ നീ പൊയ്ക്കൊള്ളുക! നിന്നിൽ അല്ലാഹുവിന്റെ ഔദാര്യമുണ്ടായിരിക്കുന്നു. അവൻ നിനക്ക് ഇസ്‌ലാം സ്വീകരിക്കാനും സത്യസന്ധമായി തൗബ ചെയ്യാനും തൗഫീഖ് നല്കി.'

ഇപ്രകാരംതന്നെ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.'കഅ്ബ ബിൻ ഋഹീർ എന്ന ഒരു കവി ഉണ്ടായിരുന്നു. അയാൾ മുസ്‌ലിം സ്ത്രീകളെ കുറിച്ച് ചീത്ത കാവ്യങ്ങൾ രചിച്ചിരുന്നു. അവരുടെ ചാരിത്രത്തിനുമേൽ ആക്രമണം നടത്തിയിരുന്നു. അയാൾക്കെതിരിലും ശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നു.

മക്ക വിജയിച്ചു കഴിഞ്ഞപ്പോൾ കഅ്ബിന്റെ സഹോദരൻ അയാൾക്കെഴുതി, മക്ക വിജയിച്ചുകഴിഞ്ഞിരിക്കുന്നു. നീ നബി(സ) തിരുമേനിയോടു മാപ്പു ചോദിക്കുന്നതാണ് നല്ലത്. അങ്ങനെ അയാൾ മാനസാന്തരപ്പെട്ട് മദീനയിൽ വരികയും മാപ്പു ചോദിക്കുകയും ചെയ്തു. അപ്പോൾ നബി(സ) തിരുമേനി അങ്ങേയറ്റം അനുകമ്പയോടുകൂടി അയാൾക്കും മാപ്പു കൊടുത്തു. പിന്നീട് അയാൾ ഒരു ഖസ്വീദ എഴുതി നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ സമർപിച്ചു. നബി(സ) തിരുമേനി തന്റെ മനോഹരമായൊരു ചാദുർ സമ്മാനമായി അയാൾക്കു നല്കി.

വധശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്ന ആ ശത്രു നബി (സ) തിരുമേനിയുടെ ദർബാറിൽ നിന്ന് ജീവൻ രക്ഷിച്ചുവെന്ന് മാത്രമല്ല, പ്രത്യുത സമ്മാനം നേടിക്കൊണ്ടാണ് പോയത്. ഇതു പോലുള്ള ധാരാളം സംഭവങ്ങൾ നബി(സ) തിരുമേനിയുടെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്നതാണ്. തന്റെ വ്യക്തിപരമായ ശത്രുവിനും അയാൾ സ്വഭാവം നന്നാക്കി വന്നപ്പോൾ നബി(സ)തിരുമേനി മാപ്പുകൊടുത്തു. ഇസ്‌ലാമിനെതിരിൽ നിന്ന ശത്രുവിനും മാപ്പു കൊടുത്തു. എന്നാൽ, നന്നാകാൻ ശിക്ഷ വേണ്ടിടത്ത്, ശിക്ഷ നിർബന്ധമായ ഘട്ടത്തിൽ ശിക്ഷിക്കുകയും ചെയ്തു. ഈ സുപ്രധാന കല്പനയുടെ പ്രാധാന്യത്തിന്റെ യഥാർഥ ഉദ്ദേശ്യം നിങ്ങൾ അവരെ പരിഷ്കരിച്ചെടുക്കണം, പ്രതികാരം ചെയ്യരുത് എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) സൂറ ശൂറായിലെ ഈ 41 ാം വചനത്തിന് തന്റെ ഗ്രന്ഥങ്ങളിലും ഉപദേശനിർദേശങ്ങളിലും പലയിടത്തും വിശദീകരണം നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 13 ഗ്രന്ഥങ്ങളിൽ ഉദ്ധരണികൾ കാണുന്നുണ്ട്. അതിനേക്കാൾ കൂടുതലുമുണ്ടാകാം. അവയിൽ 21,22 സ്ഥലങ്ങളിൽ ഇത് ഉദ്ധരിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്. ഇപ്രകാരംതന്നെ തന്റെ മജ്‌ലിസുകളിലും പലയിടത്തും ഇതു സംബന്ധമായി പറഞ്ഞിട്ടുണ്ട്. 'ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി' എന്ന ഗ്രന്ഥത്തിൽ അവിടന്ന് മാപ്പിന്റെയും ശിക്ഷയുടേയും തത്ത്വവും ആത്മാവും വിവരിച്ചുകൊണ്ടു പറയുന്നു: 'തിന്മക്കുള്ള ശിക്ഷ, ചെയ്യപ്പെട്ടതിന് തത്തുല്യമായ തിന്മയാണ്. (അതായത് ഈ വചനത്തിന്റെ വെളിച്ചത്തിൽ). എന്നാൽ, ആരെങ്കിലും പാപം പൊറുത്തു കൊടുക്കുകയും, തെറ്റു ചെയ്തവനിൽ പരിഷ്കരണം ഉണ്ടാകുന്ന അവസരത്തിൽ പൊറുത്തു കൊടുക്കുകയാണെങ്കിൽ, ഒരു ഉപദ്രവം ഉണ്ടാകുന്നില്ലെങ്കിൽ അതായത് കൃത്യമായ മാപ്പിന്റെ സ്ഥാനത്താകുകയും അസ്ഥാനത്താകാതിരിക്കുകയുമാണെങ്കിൽ അതിന് അവൻ പ്രതിഫലം പ്രാപിക്കുന്നതാണ്.' (അതായത് പൊറുത്തുകൊടുക്കുന്നവൻ അല്ലാഹുവിന്റെ പക്കൽ പ്രതിഫലം നേടുന്നതാണ്) പറഞ്ഞു: 'ഈ ആയത്തിൽ നിന്ന്, അനാവശ്യമായ എല്ലായിടത്തും ഉപദ്രവത്തെ നേരിടാതിരിക്കുക എന്നതല്ല ഖുർആനിക പാഠമെന്ന് വ്യക്തമാണ്. (ചിലയിടത്ത് ഉപദ്രവത്തെ നേരിടേണ്ടതായും വരുന്നു). ഉപദ്രവകാരികളേയും അക്രമികളെയും ശിക്ഷിക്കേണ്ടി വരുന്നു. ആ അവസരം പാപം പൊറുത്തു കൊടുക്കുന്നതാണോ ശിക്ഷ കൊടുക്കുന്നതിനുള്ളതാണോ എന്ന് നോക്കേണ്ടതാണ്. അതുകൊണ്ട് കുറ്റവാളിയുടെ അവകാശത്തിലും പൊതുമനുഷ്യരുടെ അവകാശത്തിലും എന്തൊന്നാണോ യഥാർഥത്തിൽ ഉത്തമമായിട്ടുള്ളത് ആ മാർഗമാണ് സ്വീകരിക്കേണ്ടത്.

ഇക്കാലത്ത് മനുഷ്യാവകാശത്തിന്റെ ധ്വജവാഹകരായി വിലസി നടക്കുന്നവർ, ഒരു ഭാഗത്തേക്കു മാത്രമാണ് പോകുന്നത്. ഒരാളുടെ എത്ര വലിയ കുറ്റമാണെങ്കിലും മാനുഷികമായ അനുകമ്പയുടെ പേരിൽ കുറ്റവാളികൾക്കും എത്രമാത്രം ഇളവാണ് നല്കുന്നതെന്നാൽ, കുറ്റവാളികൾക്ക് കുറ്റകൃത്യത്തിന്റെ ബോധം തന്നെ ഇല്ലാതായിരിക്കുന്നു. കൊലപാതകികളുണ്ട്, കൂലിക്ക് കൊല നടത്തുന്നവരുണ്ട്. ആളുകൾ അഹങ്കാരത്തിലും അഹന്തതയിലും എത്രമാത്രം വളർന്നിരിക്കുന്നുവെന്നാൽ അവർക്ക് തങ്ങളുടെ ജീവിതത്തെ കുറിച്ചല്ലാതെ മറ്റുള്ളവരുടെ ജീവിതത്തിന്റെ പ്രാധാന്യമേ കാണാൻ കഴിയുന്നില്ല. അത്തരം ആളുകൾക്ക് വധശിക്ഷതന്നെ ലഭിക്കേണ്ടതാണ്; വധിക്കപ്പെടുന്നവരുടെ ബന്ധുക്കൾ മാപ്പു നല്കിയാലൊഴികെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'കുറ്റവാളിയ്ക്ക് എന്താണ് ഉത്തമം എന്ന് നോക്കിയാൽ മാത്രം പോരാ. ചിലപ്പോൾ കുറ്റവാളികളെ മാത്രമല്ല നോക്കേണ്ടിവരുന്നത്, സമൂഹത്തിന്റെ ഗുണവും നോക്കേണ്ടി വരും. ചെറിയ വസ്തുക്കൾ വലുതിനു വേണ്ടി ത്യാഗം ചെയ്യുക. അല്ലെങ്കിൽ സമൂഹത്തിന്റെ വിശാലമായ നേട്ടം മുന്നിൽ വെക്കുക. ഇതു ചില ഘട്ടങ്ങളിൽ നിർബന്ധമായിത്തീരുന്നു. അതുകൊണ്ട് ഏതു ശിക്ഷയും തീരുമാനിക്കുന്ന നേരത്ത് സമൂഹത്തെ മൊത്തമായ നിലയിൽ അതെങ്ങനെ ബാധിക്കുമെന്നു നോക്കേണ്ടതും നിർബന്ധമാണ്. ചിലപ്പോൾ മാപ്പുകൊടുക്കുന്നത് സമൂഹത്തെ ദോഷകരമായി ബാധിക്കും. നോക്കുക, ഇത്ര വലിയ കുറ്റവാളി ഒരു ദുഷ്കൃത്യം ചെയ്ത് വീണ്ടും രക്ഷപ്പെട്ടുവെന്ന് ജനം പറയും. അങ്ങനെ വരുമ്പോൾ ദ്രോഹപ്രകൃതരായ ആളുകൾ തങ്ങളുടെ തെറ്റു ചെയ്തിട്ട് മാപ്പു ചോദിച്ച് രക്ഷപ്പെട്ടേക്കാം എന്ന് വിചാരിക്കും. ഈ അവസ്ഥ പിന്നീട് കുറ്റവാളികൾക്ക് കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യാൻ ധൈര്യം പകരും, ശക്തി പകരും. മാപ്പു കൊടുക്കൽ കുറ്റവാളികൾക്ക് തന്റേടം പകരുന്നതാണെങ്കിൽ ശിക്ഷ കൊടുക്കലാണ് അപ്പോൾ ആവശ്യമുള്ളത്, മാപ്പു കൊടുക്കലല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനവും തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അധ്യാപനവും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് പറ

ഞ്ഞു: 'തിന്മയെ നേരിടരുതെന്ന് ബൈബിളിൽ എഴുതിയിരിക്കുന്നു.' ചുരുക്കത്തിൽ ഇഞ്ചീലിന്റെ അധ്യാപനം അതിമിതത്വത്തിലേക്ക് കുനിഞ്ഞിട്ടാണുള്ളത്. പ്രത്യേക അവസ്ഥയിലല്ലാതെ മനുഷ്യന് അതനുസരിച്ച് പ്രവർത്തിക്കാൻ സാധ്യമല്ല. മറുഭാഗത്ത് തൗറാത്തിന്റെ അധ്യാപനം നോക്കുകയാണെങ്കിൽ അത് അമിതത്വത്തിലേക്ക് കുനിഞ്ഞിട്ടുള്ളവയാണ്. അതിലും വെറും ഒരേയൊരു വശത്തേക്കു മാത്രമാണ് സമ്മർദ്ദം ചെലുത്തപ്പെട്ടിരിക്കുന്നത്. ജീവനുപകരം ജീവൻ, കണ്ണിനു പകരം കണ്ണ്, ചെവിക്കു പകരം ചെവി, പല്ലിനു പകരം പല്ല്. ഇതിൽ മാപ്പിന്റേയും വിട്ടു വീഴ്ചയുടേയും പേരുപോലും എടുക്കപ്പെട്ടിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആൻ നമുക്ക് എത്ര പരിശുദ്ധമായ വഴിയാണ് പറഞ്ഞുതന്നത്. അത് അതിമിതത്വത്തിൽനിന്നും അമിതത്വത്തിൽ നിന്നും പരിശുദ്ധവും മനുഷ്യപ്രകൃതി അനുസരിച്ചുള്ളതുമാണ്. ഉദാഹരണത്തിന് വിശുദ്ധഖുർആനിൽ പറയുന്നു. **ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻമ്മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹു അലല്ലാഹി.** എത്ര തിന്മയാണോ ചെയ്തിട്ടുള്ളത് അത്ര തിന്മമാത്രം പകരം ചെയ്യേണ്ടതാണ്. തത്തുല്യമായ ശിക്ഷ കൊടുക്കുന്നതാണ് അനുവദനീയം. എന്നാൽ, ആരെങ്കിലും മാപ്പു കൊടുക്കുകയാണെങ്കിൽ, ആ മാപ്പു കൊടുക്കുന്നതിനുള്ള ഉദ്ദേശ്യം അയാളിൽ പരിഷ്കരണം ഉണ്ടാകണമെന്നതാണെങ്കിൽ, അസ്ഥാനത്തുള്ള മാപ്പു കൊടുക്കലല്ലെങ്കിൽ, മറിച്ച് സ്ഥാനത്താണെങ്കിൽ അത്തരം മാപ്പു കൊടുക്കുന്നതിന് അവന് പ്രതിഫലമുണ്ട്. അത് അവന് അല്ലാഹുവിൽ നിന്ന് ലഭിക്കുന്നതാണ്.

ശിക്ഷ കൊടുക്കാനാണെങ്കിലും മറ്റെന്തെങ്കിലും പ്രശ്നങ്ങൾക്കാണെങ്കിലും എക്കാലത്തേയും ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുള്ളതാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: 'ഒരു വിഭാഗമുണ്ട്, അവർക്ക് മാപ്പു കൊടുക്കാൻ തന്നെ അറിയില്ല. പിതാമഹന്മാരുടേയും പ്രപിതാമഹന്മാരുടെയും കാലത്തുള്ള വിരോധങ്ങളും അവർ ഓർമിച്ച് വെച്ചിട്ടുണ്ട്. മറുഭാഗത്ത് അവർ നാണംകെട്ടവരും ലജ്ജയില്ലാത്തവരുമാണ്. അതായത് സദാചാരത്തിൽ ഒരു കറുത്ത പൊട്ടാണ്. മാപ്പിന്റെ പേരിൽ ലജ്ജയില്ലായ്മ കാണിക്കുന്നു. അതുകൊണ്ട് ലജ്ജയില്ലായ്മയും ഉണ്ടാകാൻ പാടില്ല. അക്രമവും ഉണ്ടാകാൻ പാടില്ല. ആരെങ്കിലും ആരുടെയെങ്കിലും മകളുടേയോ സഹോദരിയുടേയോ ചാരിത്രത്തിനുമേൽ ആക്രമണം നടത്തിയാൽ നിയമത്തിന്റെ വൃത്തത്തിനുള്ളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്. അവിടെ മാപ്പ് കൊടുക്കലല്ല പ്രശ്നം. അതിനാൽ മാപ്പും ലജ്ജയില്ലായ്മയും തമ്മിലുള്ള വ്യത്യാസവും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, നിയമം കയ്യിലെടുക്കാൻ പാടില്ല. ഇതെന്തായാലും നിബന്ധനയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരവധി സ്ഥലങ്ങളിൽ ഇതുദ്ധരിച്ചുകൊണ്ട് വിശദീകരിച്ചിരിക്കുന്നു. ആ മഹാത്മാവിന്റെ മറ്റു ചില ഉദ്ധരണികളും സമർപ്പിക്കുകയാണ്. ബാഹ്യമായി ഈ ഉദ്ധരണികൾ നോക്കുമ്പോൾ തോന്നുന്നത്, ഒരേയൊരു വിഷയമാണ്. പക്ഷേ, ഓരോ അവസരത്തിലും, അദ്ദേഹം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിവിധ വർണങ്ങളും വിവിധ ഉപദേശങ്ങളുമാണ്. ഒരിടത്ത് അദ്ദേഹം പറഞ്ഞു: 'തിന്മയുടെ പ്രതിഫലം, ചെയ്ത തിന്മയ്ക്ക് തത്തുല്യമായതാണ്. എന്നാൽ, ആരാണോ മാപ്പു കൊടുക്കുകയും പാപം പൊറുക്കുകയും ചെയ്യുന്നത്, ആ മാപ്പു കൊടുക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം പരിഷ്കരണമുണ്ടാക്കുകയും ദോഷമൊന്നും ഇല്ലാതിരിക്കുകയുമാണെങ്കിൽ അല്ലാഹു അവനിൽ സംതൃപ്തനായിരിക്കും. അവന് അതിന്റെ പ്രതിഫലം നല്കും. അതുകൊണ്ട് ഖുർആനിന്റെ അടിസ്ഥാനത്തിൽ എല്ലായിടത്തും പകരം വീട്ടുക എന്നത് സ്തുത്യർഹമായ കാര്യമല്ല. എല്ലായിടത്തും മാപ്പുകൊടുക്കുക എന്നതും സ്തുത്യർഹമായ കാര്യമല്ല. പ്രത്യുത സന്ദർഭം തിരിച്ചറിയേണ്ടതാണ്. പകരം വീട്ടുന്നതിന്റേയും മാപ്പുകൊടുക്കുന്നതിന്റേയും സ്വഭാവം സന്ദർഭവും സാഹചര്യവും നോക്കി ആകേണ്ടതാണ്. ഇതാണ് ഖുർആനിന്റെ ഉദ്ദേശ്യം.'

പറഞ്ഞു:'ആരുടെ ഉദ്ദേശ്യമാണോ നല്ലതായിട്ടുള്ളത് ആ വ്യക്തിയെ അല്ലാഹു ഇഷ്ടപ്പെടുന്നു. അവന്റെ കർമങ്ങളുടേയും പ്രവർത്തനത്തിന്റേയും ഉദ്ദേശ്യം പരിഷ്കരണമാണ്. വൃത്തികെട്ട പണിയെടുക്കുന്നവന് മാപ്പു കൊടുക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. പ്രതികാര ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നവനേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഈ രണ്ടു കാര്യങ്ങളും മുന്നിലുണ്ടായിരിക്കേണ്ടതാണ്. തികച്ചും നാണംകെട്ടവനാകുന്ന വിധം നാണംകെട്ടവനാകരുത്. തികച്ചും നാണംകെട്ടവനാകുന്നവിധം മൃദുലഭാവവും കാണിക്കരുത്. അതും അല്ലാഹു ഇഷ്ടപ്പെടുകയില്ല. പ്രതികാരോദ്ദേശ്യവും ഉണ്ടാകരുത്. അതും അല്ലാഹുവിനെ വെറുപ്പിക്കുന്നു. അതിനാൽ രണ്ടു പരിധികളേയും മുന്നിൽവച്ചുകൊണ്ട് മാപ്പു കൊടുക്കണോ ശിക്ഷ കൊടുക്കണോ എന്ന് തീരുമാനിക്കേണ്ടതാണ്. ഇതുസംബന്ധമായി ജമാഅത്തിന്റെ ഭാരവാഹികളും വ്യവസ്ഥിതിയും ശ്രദ്ധിക്കേണ്ടതാണ്. പൊതുവെ കാണുന്നത് ചിലർക്കെതിരെയുള്ള തീരുമാനം അല്ലെങ്കിൽ എനിക്കു വരുന്ന ശിപാർശയിൽ -പ്രതികാരംകൊണ്ടാണെന്ന് ഞാൻ പറയില്ല-പക്ഷേ, ശിപാർശ ചെയ്യുന്നവരുടെ താൽപര്യം കർക്കശ നടപടി എടുക്കണമെന്നതിലേക്കായിരിക്കും. ചിലരാണെങ്കിൽ ആവശ്യത്തെക്കാളേറെ മൃദുഭാവം കാണിക്കുന്നവരും മാപ്പുകൊടുക്കാൻ താൽപര്യം കാണിക്കുന്നവരുമാണ്. ഇതുമുഖേന പിന്നീട് കുഴപ്പങ്ങളുണ്ടാകുന്നു. അതിനാൽ ശിക്ഷിക്കുന്നത് ഇഷ്ടപ്പെട്ട കാര്യമല്ല, മാപ്പുകൊടുക്കന്നതും സ്തുത്യർഹമായ കാര്യമല്ല. യഥാർഥ കാര്യം അല്ലാഹുവിന്റെ തൃപ്തിയുടെ ലഭ്യതയാണ്. പരിഷ്കരണം ഉദ്ദേശ്യമാകുമ്പോഴാണ് അത് ലഭിക്കുന്നത്. ഇതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകൾ ശ്രമിക്കേണ്ടതാണ്. ഉമൂറെ ആമയുണ്ട്, ഖളായുണ്ട്. വളരെ ആഴത്തിൽച്ചെന്ന് ശിപാർശ ചെയ്യേണ്ടതാണ്. തീരുമാനം എടുക്കേണ്ടതാണ്. ആ യഥാർഥമായ വ്യവസ്ഥിതിയും അവസ്ഥകളും നമ്മൾ നമ്മുടെ ജമാഅത്തിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണിത്. അത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതായിരിക്കണം. അതിന് അല്ലാഹുവിനോട് ദുആ ചെയ്യുകയും സഹായം തേടുകയും ചെയ്യേണ്ട ആവശ്യമുണ്ട്. എപ്പോൾ തീരുമാനം എടുക്കുകയാണെങ്കിലും അത് ദുആയോടു കൂടിയായിരിക്കണം. പിന്നീട് ഖലീഫക്ക് ശിപാർശ ചെയ്യേണ്ടതാണ്. ഇത് എല്ലാവിധ ദുഷ്പ്രേരണകളിൽനിന്നും ആർക്കെതിരാലാണോ പരാതി ഉന്നയിക്കപ്പെട്ടത് ആ വ്യക്തിയും ജമാഅത്തിന്റെ വ്യവസ്ഥിതിയും സുരക്ഷിതമായിരിക്കാൻ വേണ്ടിയാണ്. ജമാഅത്തിലുണ്ടാകുന്ന

ഒരു തീരുമാനവും ഒരു തരത്തിലുള്ള അസ്വസ്ഥതയ്ക്കും നിമിത്തമാകാൻ പാടില്ല.

ഇപ്രകാരംതന്നെ തന്റെ ഗ്രന്ഥമായ 'നസീമെ ദഅ്‌വ'ത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് ഈ വിഷയം വിവരിച്ചുകൊണ്ട് പറയുന്നു:'ഇസ്‌ലാമിന്നെതിരിൽ ആക്ഷേപം ഉന്നയിക്കുന്നവരും അമുസ്‌ലീംകളും ഇസ്‌ലാമിന്റെ ഈ മനോഹര അധ്യാപനത്തെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്.' അവിടന്ന് ഇക്കാര്യം തുറന്നു പറഞ്ഞിരിക്കുന്നു. ഇത് മറ്റൊരു മതത്തിലും ഇല്ലാത്ത മനാഹരമായ അധ്യാപനമാണ്. അവിടന്ന് പറഞ്ഞു: 'ആരെങ്കിലും നിങ്ങളെ വിഷമിപ്പിച്ചാൽ ഉദാഹരണത്തിന് അടിച്ച് പല്ലുകൊഴിക്കുക, അല്ലെങ്കിൽ കണ്ണു കുത്തിപ്പൊട്ടിക്കുക തുടങ്ങിയവയ്ക്കുള്ള ശിക്ഷ തത്തുല്യമായതു മാത്രമാണ്. പക്ഷേ, നിങ്ങൾ അത്തരം ഘട്ടത്തിൽ മാപ്പുകൊടുക്കുകയാണെങ്കിൽ -ആ മാപ്പുകൊടുക്കുന്നതു കൊണ്ട് സൽഫലം ഉളവാകുകയാണെങ്കിൽ, എന്തെങ്കിലും പരിഷ്കരണമുണ്ടാകുകയാണെങ്കിൽ ഉദാഹരണത്തിന് കുറ്റവാളി തന്റെ കുറ്റകൃത്യത്തിൽനിന്ന് പിന്തിരിയുകയാണെങ്കിൽ അത്തരം ഘട്ടത്തിൽ മാപ്പു നല്കുന്നതുതന്നെയാണ് ഉത്തമം. ആ മാപ്പുകൊടുക്കുന്നതുകൊണ്ട് അല്ലാഹുവിൽനിന്ന് പ്രതിഫലം കിട്ടുന്നതാണ്.'

നമ്മുടെ പ്രകൃതിനിയമമാണ് നമ്മുടെ ഭക്ഷണസാധനങ്ങളും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നുവെന്നത്. ഭക്ഷണവസ്തുക്കളും കാലാവസ്ഥകളനുസരിച്ച് അല്ലാഹു ഉണ്ടാക്കിയിട്ടുള്ളതാണ്. ഇപ്രകാരംതന്നെ ഉഷ്ണകാലത്ത് വസ്ത്രങ്ങളും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളും പ്രകൃതിനിയമമനുസരിച്ചാണ്. പറഞ്ഞു: 'ഇപ്രകാരം നമ്മുടെ സ്വഭാവപരമായ അവസ്ഥകളും സന്ദർഭോചിതം മാറ്റങ്ങൾ ആഗ്രഹിക്കുന്നു. ഭാവഗാംഭീര്യം കാണിക്കേണ്ട ഒരു സ്ഥലമുണ്ട്. അവിടെ മൃദുവായ പെരുമാറ്റവും വിട്ടുവീഴ്ചയും കാര്യം കുഴപ്പത്തിലാക്കും. മൃദുവായ പെരുമാറ്റവും സൗമ്യതയും കാണിക്കേണ്ടിടത്ത് ഭാവഗാംഭീര്യം കാണിക്കുന്നത് അല്പത്വമായി മനസ്സിലാക്കപ്പെടുന്നു. ചുരുക്കത്തിൽ എല്ലാ ഓരോ സമയവും എല്ലാ ഓരോ സ്ഥലവും ഒരു കാര്യം ആഗ്രഹിക്കുന്നു. അതുകൊണ്ട് സന്ദർഭോചിതം പെരുമാറാത്തവൻ മൃഗമാണ്, മനുഷ്യനല്ല. അപരിഷ്കൃതനാണ്. സംസ്കാരമുള്ളവനല്ല.'

വേറൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'വിശുദ്ധ ഖുർആൻ ഫലമില്ലാത്തിടത്ത് മാപ്പുകൊടുക്കലും വിട്ടുവീഴ്ച ചെയ്യലും അനുവദിക്കുന്നില്ല. കാരണം അതു മുഖേന മാനുഷികമായ ധാർമികത ദുഷിക്കുന്നു. ഐക്യത്തിന്റെ വ്യവസ്ഥിതി തകരുന്നു. എന്തെങ്കിലും നന്മ ഉണ്ടാകുന്ന കാര്യത്തിലാണ് മാപ്പുകൊടുക്കാൻ അനുവാദം നല്കിയിട്ടുള്ളത്.'

ഓരോ വ്യക്തിയും തങ്ങളുടെ നിത്യേനയുള്ള കാര്യങ്ങളിലും പരസ്പര ബന്ധങ്ങളിലും-മറ്റുള്ളവരെ സംബന്ധിച്ച് എന്താണ് ചിന്തിക്കുന്നത്, തന്നെ സംബന്ധിച്ച് എന്താണ് ചിന്തിക്കുന്നത്- എന്ന് ആത്മപരിശോധന നടത്തുകയാണെങ്കിൽ അതുമുഖേന സമൂഹത്തിൽ ഒരു ഭംഗി ഉണ്ടാകുന്നതാണ്.

എല്ലാ കർമത്തിലും അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാകണമെന്നുള്ള ചിന്ത എപ്പോഴും ഉണ്ടായിരിക്കുക എന്നതാണ് യഥാർഥ കാര്യം. ഇതുണ്ടാകുമ്പോൾ പരിഷ്കരണവും ഉണ്ടാകും.

അതിനാൽ ഈ രണ്ടു കാര്യവും എപ്പോഴും നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. പരിഷ്കരിച്ചെടുക്കുകയും തിന്മയെ തടയുകയും ചെയ്യണം എന്ന വിചാരത്തോടെ നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. സമൂഹത്തിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്. എല്ലാത്തിനെക്കാളുമുപരി അല്ലാഹുവിനെ സംതൃപ്തനാക്കേണ്ടതാണ്. കാരണം അവൻ ദ്രോഹികളെ ഇഷ്ടപ്പെടുന്നില്ല. അല്ലാഹു നമുക്ക് ഖുർആനികാധ്യാപനങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

ഖുത്‌ബ ജുമുഅയുടെ അവസാനം ഹുദൂർ അയ്യദഹുല്ലാഹ് 2016 ജനുവരി 11 ന് റബ്‌വയിൽ ശഹീദാക്കപ്പെട്ട ബിലാൽ മഹ്‌മൂദ് സാഹിബിനെ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ സൽസ്വഭാവങ്ങളും സേവനങ്ങളും പറയുകയുണ്ടായി. ജനാസ ഗായിബ് നമസ്കരിക്കുന്നതാണെന്ന് വിളംബരവും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 22.01.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala